# കേരള സർക്കാർ
## ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പ്
### ജില്ലാ ഇൻഫർമേഷൻ ഓഫീസ്, തൃശൂർ

## പത്രക്കുറിപ്പ്
**2020 ജനുവരി 29 ബുധൻ**

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

**www.prd.kerala.gov.in.**
**videos: http://www.clipmail.kerala.gov.in**
**email: diothrissur@gmail.com**

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

## സപ്ലൈകോ നെല്ല് സംഭരണം: കർഷകർക്ക് വെബ് സൈറ്റ് നേരിൽ പരിശോധിക്കാൻ അവസരം

കർഷകരിൽ നിന്ന് പരമാവധി നെല്ല് സംഭരിക്കാൻ ലക്ഷ്യമിട്ട് സപ്ലൈകോ ആരംഭിച്ച നെല്ല് സംഭരണത്തിന്റെ ഓൺലൈൻ രജിസ്ട്രേഷൻ വെബ് സൈറ്റ് കർഷകർക്ക് നേരിൽ പരിശോധിക്കാൻ അവസരം. നെല്ല് സംഭരണവുമായി ബന്ധപ്പെട്ട വിവരങ്ങൾ www.supplycopaddy.in എന്ന വെബ് സൈറ്റിലൂടെയാണ് അറിയാൻ അവസരം നൽകുന്നത്. കർഷകർ സൈറ്റ് തുറന്ന ശേഷം 'പൊതു വിവരങ്ങൾ' എന്ന ഓപ്ഷൻ ക്ലിക്ക് ചെയ്യുക. കർഷകരുടെ കൃഷിഭവൻ തിരിച്ചുള്ള ലിസ്റ്റ്, ഓൺലൈൻ രജിസ്ട്രേഷൻ വിവരങ്ങൾ, രജിസ്റ്റർ നമ്പർ അലോട്ട്മെന്റ് വിവരങ്ങൾ, മിൽ അലോട്ട്മെന്റ്, പാടത്ത് നിന്നെടുത്ത നെല്ലിന്റെ അളവ്, പിആർഎസ്, പേയ്മെന്റ് എന്നിങ്ങനെ എല്ലാ വിവരങ്ങളും ലഭ്യമാണ്. അതേസമയം രണ്ടാംഘട്ട ഓൺലൈൻ രജിസ്ട്രേഷൻ ചെയ്യാനുള്ള അവസരം അവസാന നിമിഷം വരെ കർഷകർ വൈകിപ്പിക്കരുതെന്ന് പാഡി ഓഫീസർ അറിയിച്ചു. വയലിൽ കൃഷി ഇറക്കിയ എല്ലാവർക്കും ഇപ്പോൾ രജിസ്റ്റർ ചെയ്യാവുന്നതാണ്. എത്രയും വേഗം രജിസ്റ്റർ നടപടികൾ പൂർത്തിയായാൽ മാത്രമേ അധികൃതർക്ക് തുടർനടപടികൾക്ക് പോകാനാവൂ.

## പൈങ്കുളം മിച്ചഭൂമി കുടിവെള്ള പദ്ധതി ഉദ്ഘാടനം ചെയ്തു

പാഞ്ഞാൾ - പൈങ്കുളം മിച്ചഭൂമി കുടിവെള്ള പദ്ധതിയുടെ ഉദ്ഘാടനം യു.ആർ. പ്രദീപ് എം.എൽ.എ നിർവ്വഹിച്ചു. എം.എൽ.എയുടെ 2016-17 ലെ ആസ്തി വികസന ഫണ്ടിൽ നിന്നും 26 ലക്ഷം വിനിയോഗിച്ചുകൊണ്ടാണ് പ്രവർത്തനം നിർവ്വഹിച്ചത്. പദ്ധതിയിലൂടെ പഞ്ചായത്തിലെ നൂറോളം കുടുംബങ്ങൾക്ക് കുടിവെള്ളമെത്തിക്കാൻ കഴിയുന്നുണ്ട്. ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് രാജൻ വെട്ടത്ത് അദ്ധ്യക്ഷത വഹിച്ച പഴയന്നൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് വി. തങ്കമ്മ, പാഞ്ഞാൾ ഗ്രാമ പഞ്ചായത്ത് വൈസ് പ്രസിഡന്റ് കെ.യു. ആരിഫ എന്നിവർ മുഖ്യാതിഥികളായി. ബ്ലോക്ക് പഞ്ചായത്ത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ജോയ് മുരിങ്ങത്തേരി റിപ്പോർട്ട് അവതരിപ്പിച്ചു. ഗ്രാമപഞ്ചായത്ത് മെമ്പർമാരായ കെ.പി. സാവിത്രി, സ്മിത ഉണ്ണികൃഷ്ണൻ, എ.എം.ആസിയ, സി. ഉണ്ണികൃഷ്ണൻ എന്നിവർ സംസാരിച്ചു. പാഞ്ഞാൾ ഗ്രാമപഞ്ചായത്ത് ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ പി.ആർ. മാധവൻ സ്വാഗതവും ദേവദാസ് നന്ദിയും പറഞ്ഞു.

# പുത്തൻ ചുവടുവെയ്പ്പുമായി സ്നേഹതീരം

വേനൽ അവധി തുടങ്ങുന്നതിന് മുമ്പേ ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിനായി തളിക്കുളം സ്നേഹതീരം അണിഞ്ഞൊരുങ്ങുന്നു. ഇതിനായി ഗീതാ ഗോപി എം.എൽ.എയുടെ ഫണ്ടിൽ നിന്ന് 10 ലക്ഷം രൂപ അനുവദിച്ചു. കുട്ടികളെ കൂടുതലായി ആകർഷിക്കുക എന്ന ലക്ഷ്യത്തോടെ സ്നേഹതീരത്തെ ചിൽഡ്രൻസ് പാർക്കിൽ പുതിയ കളി ഉപകരണങ്ങൾ സ്ഥാപിക്കുന്നതിനുള്ള ടെൻഡർ അംഗീകരിച്ചു. നിലവിലെ പഴക്കം ചെന്ന ഉപകരണങ്ങൾ മാറ്റി പുതിയവ സ്ഥാപിക്കും. ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലിന്റെയും തളിക്കുളം പഞ്ചായത്തിന്റെയും മേൽ നോട്ടത്തിലാണ് പാർക്കിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടക്കുന്നത്. ഫെബ്രുവരി 20ന് നിർമ്മാണം പൂർത്തീകരിക്കുകയാണ് ലക്ഷ്യം. ഒരേസമയം കടൽ കാഴ്ചകളും കളി ഉപകരണങ്ങളും ആസ്വദിക്കാവുന്ന സ്നേഹതീരത്ത് ദിനം പ്രതി ആയിരക്കണക്കിന് സഞ്ചാരികളാണ് വന്നുപോകുന്നത്. ഇവർക്ക് കൂടുതൽ ആഹ്ലാദം പകരുന്ന തരത്തിലായിരിക്കും നവീകരണം.

# 'ഡ്രൈവർമാർക്കൊരു കാപ്പി പദ്ധതി' സമാപിച്ചു

മണ്ഡലകാലത്ത് വാഹനാപകടം ഒഴിവാക്കുന്നതിനായി കയ്പമംഗലം ജനമൈത്രി പോലീസ് നടപ്പാക്കിയ 'ഡ്രൈവർമാർക്കൊരു കാപ്പി' പദ്ധതി സമാപിച്ചു. രാത്രി 10 മണി മുതൽ രാവിലെ 4 മണി വരെ ദേശീയപാത 66 ലൂടെ വരുന്ന എല്ലാ വാഹനങ്ങളുടെയും ഡ്രൈവർമാർക്കും ആവശ്യപ്പെടുന്ന യാത്രക്കാർക്കും സൗജന്യമായി ചുക്കുകാപ്പി വിതരണം ചെയ്തിരുന്ന പദ്ധതിയാണിത്. ജനമൈത്രി പോലീസും ചെന്ത്രാപ്പിന്നി ഗ്രീൻ ലൈറ്റ്സ് എന്ന സംഘടനയും ചേർന്നാണ് പദ്ധതിയ്ക്ക് തുടക്കമിട്ടത്. തുടർച്ചയായ അഞ്ചാമത്തെ വർഷമാണ് ചുക്കുകാപ്പി വിതരണം ചെയ്തത്. സമാപനച്ചടങ്ങ് ജീവകാരുണ്യ പ്രവർത്തകൻ നൗഷാദ് ആലത്തൂർ ഉദ്ഘാടനം ചെയ്തു. ജനമൈത്രി പോലീസ് എസ് ഐ ജയേഷ് ബാലൻ അധ്യക്ഷത വഹിച്ചു. എസ്ഐ പി ജെ അനൂപ്, ഷമീർ ഇളയിടത്ത്, പി എം നൗഷാദ് എന്നിവർ പങ്കെടുത്തു. പദ്ധതിയിലെ സേവന സന്നദ്ധരായ കെ വി രതീഷ്, കെഎസ് നിധിൻ, ശങ്കർ ഗണേശ്, കെ എസ് സജീവൻ എന്നിവരെ ആദരിച്ചു.

# ഫെർട്ടിലിറ്റി മിഷൻ ഉദ്ഘാടനം 2019-20 ഇന്ന് (ജനു. 30)

ജില്ലാ പഞ്ചായത്തിന്റെയും മൃഗസംരക്ഷണ വകുപ്പിന്റെയും സംയുക്താഭിമുഖ്യത്തിൽ നടപ്പിലാക്കുന്ന ഫെർട്ടിലിറ്റി മിഷൻ 2019 -20 പദ്ധതിയുടെ ജില്ലാതല ഉദ്ഘാടനം ജനുവരി 30 രാവിലെ 9.30 ന് മുല്ലശ്ശേരി ബ്ലോക്ക് പഞ്ചായത്ത് ഹാളിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് മേരി തോമസ് നിർവഹിക്കും. മുല്ലശ്ശേരി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എ.പി.ബെന്നി അധ്യക്ഷനാവും. ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ഉദയപ്രകാശ് മുഖ്യാതിഥിയാകും. ജില്ലാ മൃഗസംരക്ഷണ ഓഫീസർ പദ്ധതി വിശദീകരിക്കും. ക്ഷീര കർഷകർക്ക് ഏറെ സാമ്പത്തിക ബാധ്യതയ്ക്കും ഉൽപാദന നഷ്ടത്തിനും കാരണമാകുന്ന കന്നുകാലികളിലെ വന്ധ്യത വിദഗ്ധമായ പരിശോധനകളിലൂടെ നിർണ്ണയിച്ച് നടത്തി ശരിയായ ചികിത്സ ലഭ്യമാക്കുന്നതിനാണ് പദ്ധതി വിഭാവനം ചെയ്യുന്നത്.

# ഉജ്ജ്വല ബാല്യം പുരസ്കാരത്തിന് അപേക്ഷ ക്ഷണിച്ചു

വനിതാ ശിശു വികസന വകുപ്പിന്റെ ഉജ്ജ്വല ബാല്യം പുരസ്കാരത്തിന് അപേക്ഷ ക്ഷണിച്ചു. കല, കായികം, സാഹിത്യം, ശാസ്ത്രം, സാമൂഹികം എന്നീ മേഖലകളിൽ അസാധാരണ കഴിവ് പ്രകടിപ്പിക്കുന്ന അഞ്ച് വയസിനും 18 വയസ്സിനും ഇടയിൽ പ്രായമുള്ള കുട്ടികളെ (ഭിന്ന ശേഷിക്കാരായ കുട്ടികൾ ഉൾപ്പെടെ) കണ്ടെത്തി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായാണ് കേരള സർക്കാർ ഈ മേഖലയിൽ പുരസ്കാരം നൽകുന്നത്. നാഷണൽ ചൈൽഡ് അവാർഡ് ഫോർ എക്സെപ്ഷ്ണൽ അച്ചീവ്മെന്റ് കരസ്ഥമാക്കിയ കുട്ടികൾ ഈ അവാർഡിന് അപേക്ഷിക്കരുത്. 25,000 രൂപയും സർട്ടിഫിക്കറ്റും ട്രോഫിയും അടങ്ങുന്നതാണ് പുരസ്കാരം. അപേക്ഷകർ നിശ്ചിത മാതൃകയിലുള്ള അപേക്ഷ ഫോറം പൂരിപ്പിച്ച് ഫെബ്രുവരി 15ന് മുമ്പായി അയ്യന്തോൾ

കളക്ടറേറ്റിൽ പ്രവർത്തിക്കുന്ന ജില്ലാ ശിശുസംരക്ഷണ ഓഫീസിൽ സമർപ്പിക്കണം. ഫോൺ: 90724 01685.

## ടെണ്ടർ നോട്ടീസ്

ഫിഷറീസ് വകുപ്പ് പീച്ചി ഗവ. ഫിഷ് സീഡ് ഹാച്ചറി അഡീഷണൽ ഇൻഫ്രാസ്ട്രക്ച്ചറൽ ഫെസിലിറ്റീസ് ഫേസ് 3 ആവശ്യമായ എഫ്.ആർ.പി ടാങ്ക് വിതരണം ചെയ്യുന്നതിന് അംഗീകൃത സ്ഥാപനങ്ങൾ /ഏജൻസികൾ /ഡീലർമാരിൽ നിന്നും ടെണ്ടർ ക്ഷണിച്ചു. കൂടുതൽ വിവരങ്ങൾ തൃശൂർ ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസിൽ നിന്നും ലഭിക്കുന്നതാണ്. ടെണ്ടർ ഫോറം സ്വീകരിക്കുന്ന അവസാന തിയതി ഫെബ്രുവരി 5 ഉച്ച 2 മണി. ഫോൺ : 0487 2441132

## റീ ടെണ്ടർ നോട്ടീസ്

ഫിഷറീസ് വകുപ്പ് എസ്റ്റാബ്ലിഷ്മെന്റ് ഓഫ് ലൈവ് ഫിഷ് ഫീഡ് ഫുഡ്' യൂണിറ്റ് ഇന്റഗ്രേറ്റഡ് വിത്ത് ഫിൻ ഫിഷ് ഹാച്ചറി പീച്ചി എന്ന പദ്ധതിയുമായി ബന്ധപ്പെട്ട് ലബോറട്ടറി സാധനങ്ങൾ വിതരണം ചെയ്യുന്നതിന് അംഗീകൃത സ്ഥാപനങ്ങൾ ഏജൻസികൾ/ ഡീലർമാരിൽ നിന്നും റീ ടെണ്ടർ ക്ഷണിച്ചു. കൂടുതൽ വിവരങ്ങൾ തൃശൂർ ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസിൽ നിന്നും ലഭിക്കുന്നതാണ്. ടെണ്ടർ ഫോറം സ്വീകരിക്കുന്ന അവസാന തിയതി ഫെബ്രുവരി 5 ഉച്ച 2 മണി. ഫോൺ : 0487 2441132

## ടെണ്ടർ ക്ഷണിച്ചു

പീച്ചി ഗവ. ഫിഷ് സീഡ് ഹാച്ചറി അഡീഷണൽ ഇൻഫ്രാസ്ട്രക്ച്ചറൽ ഫെസിലിറ്റീസ് ഫേസ് 3ക്ക് ആവശ്യമായ ലബോറട്ടറി ഉപകരണം വിതരണം ചെയ്യുന്നതിന് അംഗീകൃത സ്ഥാപനങ്ങൾ/ഏജൻസികൾ/ഡീലർമാരിൽ നിന്നും ടെണ്ടർ ക്ഷണിക്കുന്നു.

വിശദവിവരങ്ങൾക്ക് തൃശൂർ ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസുമായി ബന്ധപ്പെടുക. ടെണ്ടർ ഫോം സ്വീകരിക്കുന്ന അവസാന തീയതി ഫെബ്രുവരി 5 ഉച്ചയ്ക്ക് 2 മണി വരെയാണ്. ഫോൺ 0487 2441132.

## റീ ടെണ്ടർ ക്ഷണിച്ചു

ഇൻസ്റ്റലേഷൻ ഓഫ് ഓട്ടമേഷൻ ഓഫ് വാട്ടർ ക്വാളിറ്റി മോണിറ്ററിങ് ആൻഡ് കൺട്രോൾ സിസ്റ്റം - പീച്ചി ഹാച്ചറി എന്ന പദ്ധതിയ്ക്ക് ആവശ്യമായ സാധന സാമഗ്രികൾ വിതരണം ചെയ്ത് സ്ഥാപിക്കുന്നതിന് അംഗീകൃത സ്ഥാപനങ്ങൾ/ഏജൻസികൾ/ഡീലർമാരിൽ നിന്നും റീ ടെണ്ടർ ക്ഷണിക്കുന്നു.

വിശദവിവരങ്ങൾക്ക് തൃശൂർ ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസുമായി ബന്ധപ്പെടുക. ടെണ്ടർ ഫോം സ്വീകരിക്കുന്ന അവസാന തീയതി ഫെബ്രുവരി 5 ഉച്ചയ്ക്ക് 2 മണി വരെ. ഫോൺ 0487 2441132.

## ടെണ്ടർ ക്ഷണിച്ചു

എസ്റ്റാബ്ലിഷ്മെന്റ് ഓഫ് ലൈവ് ഫിഷ് ഫീഡ് ഫുഡ് യൂണിറ്റ് ഇന്റഗ്രേറ്റഡ് വിത്ത് ഫിൻ ഫിഷ് ഹാച്ചറി പീച്ചി എന്ന പദ്ധതിയുമായി ബന്ധപ്പെട്ട് ലബോറട്ടറി ഉപകരണങ്ങൾ വിതരണം ചെയ്യുന്നതിന് അംഗീകൃത സ്ഥാപനങ്ങൾ / ഏജൻസികൾ / ഡീലർമാരിൽ നിന്നും അപേക്ഷ ക്ഷണിച്ചു. കൂടുതൽ വിവരങ്ങൾക്ക് ജില്ലാ ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസിൽ നിന്നും ലഭിക്കും. ടെണ്ടർ ഫോറം സ്വീകരിക്കുന്ന അവസാന തിയ്യതി ഫെബ്രുവരി അഞ്ചിന് വൈകീട്ട് രണ്ട് മണി.

## അപേക്ഷ ക്ഷണിച്ചു

ഇരിങ്ങാലക്കുട ബ്ലോക്ക് പഞ്ചായത്തിന്റെ കോമ്പൗണ്ടിൽ പ്രവർത്തിക്കുന്ന വനിതാ കേന്റീൻ നടത്തിപ്പിനായി ഈ ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ വരുന്ന കാറളം, കാട്ടൂർ, പറപ്പൂക്കര പഞ്ചായത്തുകളിലെ വനിത എസ്.എച്ച്.ജി/ കുടുംബശ്രീ ഗ്രൂപ്പുകളിൽ നിന്നും അപേക്ഷ ക്ഷണിച്ചു.

താൽപര്യമുള്ളവർ ഫെബ്രുവരി 10ന് ഉച്ചയ്ക്ക് രണ്ടിന് മുമ്പ് ബ്ലോക്ക് പഞ്ചായത്ത് കാര്യാലയത്തിൽ അപേക്ഷ സമർപ്പിക്കണം.

## തളിക്കുളം ഹെൽത്ത് സെന്ററിന് ദേശീയ അംഗീകാരം

തളിക്കുളം കുടുംബാരോഗ്യ കേന്ദ്രത്തിന് ദേശീയ മികവിന്റെ അംഗീകാരം. തളിക്കുളം ഹെൽത്ത് സെന്ററിന് ദേശീയ തലത്തിലുള്ള ഗുണമേൻമ അക്രഡിറ്റേഷനാണ് ലഭിച്ചത്. ഇതിന്റെ ഭാഗമായി ഒരുലക്ഷം വീതം മൂന്ന് വർഷം തളിക്കുളം കുടുംബാരോഗ്യ കേന്ദ്രത്തിന് ലഭിക്കും.

ആശുപത്രികളിലെ ശുചിത്വ പരിപാലനം, മാലിന്യ സംസ്ക്കരണം, മികച്ച സേവന ലഭ്യതയും രോഗികളുടെ അഭിപ്രായവും, അണുബാധ നിയന്ത്രണം, ഭൗതിക സാഹചര്യങ്ങളുടെ മെച്ചപ്പെടുത്തൽ, പൊതുജനാരോഗ്യ സേവനങ്ങളെക്കുറിച്ച് ജീവനക്കാരുടെ അറിവ് എന്നീ വിവിധ ഘടകങ്ങളും ഒ പി ലാബ്, നാഷണൽ ഹെൽത്ത് പ്രോഗ്രാം, ഓഫീസ് സർട്ടിഫിക്കേഷൻ എന്നിവ വിലയിരുത്തിയാണ് അക്രഡിറ്റേഷൻ അവാർഡുകൾ നിർണ്ണയിക്കുന്നത്.

സംസ്ഥാന സർക്കാരിന്റെ ആർദ്രം-കേരള പുരസ്കാരത്തിന് ജില്ലയിൽ നിന്ന് തെരഞ്ഞെടുത്ത പത്ത് സ്ഥാപനങ്ങളിൽ ഒന്നാണ് തളിക്കുളം ഹെൽത്ത് സെന്റർ.

***ഫോട്ടോ അടിക്കുറിപ്പ്: ദേശീയ പുരസ്കാര നിർണയ ടീം തളിക്കുളം കുടുംബരോഗ്യ കേന്ദ്രത്തിൽ***

## ശിശുവികസന വകുപ്പ് ക്വട്ടേഷൻ ക്ഷണിച്ചു

2019 -20 സാമ്പത്തിക വർഷം ചാലക്കുടി അഡീഷണൽ ഐസിഡിഎസ് പ്രോജക്ട് പരിധിയിലുള്ള അങ്കണവാടികളിലേക്ക് ആവശ്യമുള്ള കണ്ടിജൻസി സാധനങ്ങൾ വാങ്ങി വിതരണം ചെയ്യുന്നതിന് താൽപര്യമുള്ള വ്യക്തികൾ/ സ്ഥാപനങ്ങളിൽ നിന്ന് മുദ്ര വെച്ച ക്വട്ടേഷനുകൾ ക്ഷണിക്കുന്നു.

അടങ്കൽ തുക 84,861 രൂപയാണ്. ക്വട്ടേഷൻ സ്വീകരിക്കുന്ന അവസാന തീയതി ഫെബ്രുവരി 5 ഉച്ചയ്ക്ക് 3 മണി. കൂടുതൽ വിവരങ്ങൾക്ക് ചാലക്കുടി മിനി സിവിൽ സ്റ്റേഷനിലെ അഡീഷണൽ ശിശുവികസന പദ്ധതി ഓഫീസുമായി ബന്ധപ്പെടുക. നമ്പർ 0480 2700380.

## മണലിപ്പുഴ സംരക്ഷണം :
## തൈ നടീൽ ഉദ്ഘാടനം 31 ന്

പാണഞ്ചേരി പഞ്ചായത്തിലെ മണലിപ്പുഴ ഉത്ഭവ സ്ഥാനത്ത് 1000 വിവിധ ഇനം മുളതൈകളുടെ നടീൽ ഉദ്ഘാടനം ജനുവരി 31 രാവിലെ ഒൻപതിന് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് മേരി തോമസ് നിർവഹിക്കും. പഞ്ചായത്ത് പ്രസിഡന്റ് കെ വി അനിത അധ്യക്ഷയാകും. ജില്ലാ മണ്ണ് സംരക്ഷണ ഓഫീസർ സിന്ധു പി ഡി പദ്ധതി വിശദീകരിക്കും. ജില്ലാ പദ്ധതിയായ ജല രക്ഷ - ജീവ രക്ഷയുടെ ഭാഗമായി മണലിപ്പുഴയുടെ അതിർത്തി കല്ലിട്ട് മുള തൈകൾ വെച്ചു പിടിപ്പിക്കുകയും പ്രളയത്തിൽ പുഴയിൽ ഉണ്ടായ മൺ കൂനകളും മര മാലിന്യങ്ങളും നീക്കം ചെയ്ത് പുഴയുടെ സ്വാഭാവികമായ നീരൊഴുക്ക് വീണ്ടെടുക്കുകയുമാണ് പദ്ധതി ലക്ഷ്യമിടുന്നത്. ഇതിനായി ഒന്നാം ഘട്ടത്തിൽ ജില്ലാ പഞ്ചായത്ത് വിഹിതമായ 4 ലക്ഷം രൂപയും ബ്ലോക്ക് ഗ്രാമ പഞ്ചായത്ത് വിഹിതവും ചേർത്ത് അതിർത്തി കല്ല് സ്ഥാപിക്കുകയും 200 ഓളം മുളകൾ വെച്ചു പിടിപ്പിക്കുകയും ചെയ്തു. പദ്ധതിയുടെ രണ്ടാംഘട്ട ഉദ്ഘാടനമാണ് പാണഞ്ചേരി പഞ്ചായത്ത് 12-ാം വാർഡ് മയിലാട്ടും പാറയിൽ നടക്കുന്നത്.

## പെയിന്റിങിന് ക്വട്ടേഷൻ ക്ഷണിച്ചു

തൃശൂർ ഐ എ എസ് ഇയിലെ ഓഡിറ്റോറിയം, സെമിനാർ ഹാൾ എന്നിവയിലെ ബെഞ്ചും ഡെസ്ക്കും (50 ബെഞ്ച് 50 ഡെസ്ക്) എന്നിവ പെയിന്റ് ചെയ്യുന്നതിന് താൽപര്യമുള്ളവരിൽ ക്വട്ടേഷൻ ക്ഷണിച്ചു.

അപേക്ഷകർ കവറിന് പുറത്ത് പെയിന്റിങ് വർക്ക് ഓഫ് ഡെസ്ക്ക് ആന്റ് ബെഞ്ചസ് ഇൻ ഓഡിറ്റോറിയം ആന്റ് സെമിനാർ ഹാൾ ക്വട്ടേഷൻ എന്നെഴുതി പ്രിൻസിപ്പൽ, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ്

അഡ്വാൻസ്ഡ് സ്റ്റഡി ഇൻ എഡ്യുക്കേഷൻ, തൃശൂർ- 680020 എന്ന വിലാസത്തിൽ ഫെബ്രുവരി മൂന്നിന് ഉച്ചയ്ക്ക് രണ്ടിന് മുമ്പായി അപേക്ഷ സമർപ്പിക്കണം. ഫോൺ-9048408177

# ഗൃഹാധിഷ്ഠിത വിദ്യാഭ്യാസവുമായി സാഫല്യം

ശയ്യാവലംബികളായ കുട്ടികളുടെ വിദ്യാഭ്യാസ ഉന്നമനത്തിനായി സാഫല്യം പദ്ധതി. സമഗ്ര ശിക്ഷ കേരളത്തിന്റെ മതിലകം ബി ആർ സിയുടെ കീഴിലാണ് ഗൃഹാധിഷ്ഠിത വിദ്യാഭ്യാസ വിഭാഗത്തിൽ ഉൾപ്പെടുത്തി സാഫല്യം പദ്ധതി ആരംഭിച്ചിരിക്കുന്നത്. ഇതിന്റെ ഭാഗമായി പെരിഞ്ഞനം യമുന ഓഡിറ്റോറിയത്തിൽ ശയ്യാവലംബിയായ കുട്ടികൾക്കായി ഏകദിന ഒത്തുചേരൽ സംഘടിപ്പിച്ചു. വീടിന് പുറത്തിറങ്ങാനും സ്കൂളിൽ പോകാനും സാധിക്കാത്ത കുട്ടികളാണ് ഒത്തുചേരലിനെത്തിയത്. രക്ഷിതാക്കളോടൊപ്പം എത്തിയ കുട്ടികൾ തങ്ങളുടെ വിഷമതകളും ബുദ്ധിമുട്ടുകളും ജനപ്രതിനിധികളോടും അധ്യാപകരോടും പങ്കുവെച്ചു. കൂടുതൽ പേർക്കും പങ്ക് വെക്കാനുണ്ടായിരുന്നത് ദാരിദ്ര്യത്തിന്റെ കഥകളായിരുന്നു. മരുന്നില്ലാത്തതിന്റെ വീടില്ലാത്തതിന്റെ സാമ്പത്തിക ബാധ്യതകളും അവർ പങ്കു വെച്ചു. അവരുടെ ആവശ്യങ്ങൾ പ്രത്യേക പദ്ധതികളാക്കി നടപ്പാക്കാൻ പരിപാടിയിൽ പങ്കെടുത്ത ജനപ്രതിനിധികളോട് ബി ആർ സി അംഗങ്ങൾ അഭ്യർഥിച്ചു. സാഫല്യം പദ്ധതിയിൽ ഉൾപ്പെട്ട കുട്ടികൾക്ക് സൗജന്യമായി കണ്ണട, വീൽചെയർ, ഇയർഫോൺ എന്നിവ നൽകി വരുന്നുണ്ട്. കൂടാതെ സൗജന്യ ബോധവത്കരണ ക്ലാസ്, ആത്മവിശ്വാസം ഉണർത്തുന്ന ക്ലാസുകൾ എന്നിവയും നൽകി വരുന്നു. പഞ്ചായത്ത് പ്രസിഡന്റുമാരായ കെ.കെ.സച്ചിത്ത്, സൗദ നാസർ, ബി.പി.ഒ ടി.എസ്.സജീവൻ, കയ്പമംഗലം പഞ്ചായത്ത് സെക്രട്ടറി കെ.ബി.മുഹമ്മദ് റഫീഖ്, പഞ്ചായത്തംഗങ്ങൾ, മതിലകം ബിപിഒ സജീവൻ, ബി.ആർ.സി കോഡിനേറ്റർമാർ, ഐ.സി.ഡി.എസ് ഓഫീസർമാർ എന്നിവർ പങ്കെടുത്തു.

***ഫോട്ടോ അടിക്കുറിപ്പ്: സമഗ്ര കേരളം മതിലകം ബിആർസി സംഘടിപ്പിച്ച ശയ്യാവലംബികളായ കുട്ടികൾക്കായി നടത്തിയ സാഫല്യം ഏകദിന ശില്പശാല***

# ജില്ലാ സൈനിക ക്ഷേമ ഓഫീസിൽ പരാതി പരിഹാര അദാലത്ത് 31ന്

ഇന്ത്യൻ നേവിയിൽനിന്നും പിരിഞ്ഞു വന്ന വിമുക്തഭടന്മാർക്കും ആശ്രിതർക്കുമായി ജില്ലാ സൈനിക ക്ഷേമ ഓഫീസിൽ പരാതി പരിഹാരത്തിനും സംശയനിവാരണത്തിനും വേണ്ടി അദാലത്ത് സംഘടിപ്പിക്കുന്നു. ജനുവരി 31 ന് രാവിലെ 11 മുതൽ ഉച്ചയ്ക്ക് ഒരു മണി വരെ നടത്തുന്ന അദാലത്തിൽ കൊച്ചി നേവൽ ബേസിൽ നിന്നുള്ള സംഘമാണ് പങ്കെടുക്കുക. കൂടുതൽ വിവരങ്ങൾക്ക് 0487 2384037 എന്ന നമ്പറിൽ ബന്ധപ്പെടണമെന്ന് ജില്ലാ സൈനിക ക്ഷേമ ഓഫീസർ അറിയിച്ചു.

# മെഡിക്കൽ കോളേജിൽ ഒഴിവ്

ഗവ മെഡിക്കൽ കോളേജിൽ ജനറൽ മെഡിസിൻ / കാർഡിയോളജി / മെഡിക്കൽ ഓങ്കോളജി / കാഷ്വാലിറ്റി എന്നീ വകുപ്പുകളിൽ സീനിയർ റസിഡന്റുമാർ / ലക്ച്ചറർമാരുടെ തസ്തികകളിലേക്ക് കരാറടിസ്ഥാനത്തിൽ നിയമിക്കുന്നതിനുള്ള കൂടിക്കാഴ്ച ഫെബ്രുവരി 7ന് രാവിലെ 10 മണിക്ക് നടക്കും. എം ബി ബി എസ് ബിരുദവും ബന്ധപ്പെട്ട വിഷയത്തിൽ ബിരുദാനന്തര ബിരുദവുമാണ് യോഗ്യത. നിബന്ധനകൾക്ക് വിധേയമായി പി. ജി (മെഡിക്കൽ) ബിരുദമുള്ളവർക്ക് 70000രൂപയും മറ്റുള്ളവർക്ക് 55000 രൂപയുമാണ് പ്രതിമാസ വേതനം. അർഹരായ ഉദ്യോഗാർത്ഥികൾ യോഗ്യത സർട്ടിഫിക്കറ്റുകൾ, ട്രാവൻകൂർ - കൊച്ചിൻ മെഡിക്കൽ കൗൺസിലിന്റെ സ്ഥിരം രജിസ്ട്രേഷൻ, പ്രവൃത്തി പരിചയം, പ്രായം എന്നിവ തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റുകളുടെ അസ്സലും പകർപ്പുകളും സഹിതം മെഡിക്കൽ കോളേജ് പ്രിൻസിപ്പാലിന്റെ മുളങ്കുന്നത്തുകാവിലുള്ള കാര്യാലയത്തിൽ എത്തിച്ചേരുക. ഫോൺ : 0487 2200310- 2200319.

# കടങ്ങോട് പഞ്ചായത്തിൽ
# ജീവനി പദ്ധതിക്ക് തുടക്കമായി

കടങ്ങോട് ഗ്രാമപഞ്ചായത്തിൽ കൃഷിവകുപ്പിന്റെ നേതൃത്വത്തിൽ ആരോഗ്യ വകുപ്പുമായി സഹകരിച്ച് നടത്തുന്ന 'ജീവനി' പദ്ധതിയുടെ ഉദ്ഘാടനവും കർഷക ദിനാചരണവും നടന്നു. 470 ദിവസം ത്തോളമാണ് പദ്ധതി. പഞ്ചായത്ത് പ്രസിഡന്റ് രമണി രാജൻ ഉദ്ഘാടനം ചെയ്തു. ആരോഗ്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ ജലീൽ ആദൂർ അധ്യക്ഷത വഹിച്ചു. സ്റ്റാന്റിങ് കമ്മിറ്റി ചെയർപേഴ്സൻ കെ.ആർ.സിമി മികച്ച കർഷകരെ ആദരിച്ചു.

പഞ്ചായത്ത് അംഗങ്ങളായ ടി.പി.ജോസഫ്, കെ.കെ.മണി, പി.വി.പ്രസാദ്, സന്ധ്യാ ബാലകൃഷ്ണൻ, ബബിത രവി, ആമിന സുലൈമാൻ, ആസൂത്രണ സമിതി വൈസ് ചെയർമാൻ എം.ടി.വേലായുധൻ, ഡോ. അരുണഭട്ട്, ഹെൽത്ത് ഇൻസ്പെക്ടർ ബാബു, കൃഷി ഓഫീസർ ബിന്ദു, കൃഷി അസിസ്റ്റന്റ് ധന്യ എന്നിവർ സംസാരിച്ചു.

കാർഷിക പ്രശ്നോത്തരി മൽസരത്തിൽ വിജയികളായ വിദ്യാർത്ഥികളേയും ചടങ്ങിൽ അനുമോദിച്ചു.

# ഓഫീസ് അസിസ്റ്റന്റ് ഒഴിവ്

കാനറബാങ്ക് ഗ്രാമീണ സ്വയംതൊഴിൽ പരിശീലന കേന്ദ്രത്തിൽ ഓഫീസ് അസിസ്റ്റന്റിനെ നിയമിക്കുന്നു. അപേക്ഷകർ 22നും 30നും ഇടയിൽ പ്രായമുള്ളവരായിരിക്കണം. വിദ്യാഭ്യാസ യോഗ്യത ബി.കോം, കമ്പ്യൂട്ടർ പരിഞ്ജാനം. താൽപര്യമുള്ളവർ 0487 2694412, 9447196324 എന്നീനമ്പറുകളിൽ ബന്ധപ്പെടുക.

# കാണാതായി

പുഴക്കൽ പുത്തിശ്ശേരി നെച്ചുവള്ളപ്പിൽ കണ്ണൻ (60) കഴിഞ്ഞ ആഗസ്റ്റ് 14 മുതൽ കാണാതായി. പേരാമംഗലം പോലീസ് കേസെടുത്തു. കാണാതാകുമ്പോൾ വെള്ള നിറത്തിലുള്ള മുണ്ടും ഓറഞ്ച് നിറത്തിലുള്ള ഷർട്ടും ആണ് വേഷം. വലത് കൈയിൽ അയ്യപ്പന്റെ പടം പച്ച കുത്തിയിട്ടുണ്ട്. ഇരു തുടകളിലും ഇൻസുലിൻ കുത്തിവെക്കാറുള്ള പാടുകൾ ഉണ്ട്. വിവരം ലഭിക്കുന്നവർ 9497962833, 9497980557, 0487-2307237 എന്നീ നമ്പറുകളിൽ അറിയിക്കണം.

***ഫോട്ടോ അടിക്കുറിപ്പ്: പുഴക്കൽ പുത്തിശ്ശേരി നെച്ചുവള്ളപ്പിൽ കണ്ണൻ***